**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 349** **07.01.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി ബോർഡിൻെറ നഷ്ടം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. വി. ശശി :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ഇ. കെ. വിജയൻ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നാളിതുവരെയുള്ള നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൻെറ 2003-2004 മുതൽ 2012-13 വരെയുള്ള കാലയളവിലെ അക്കൗണ്ട്സ് പ്രകാരമുള്ള നഷ്ടം 10867.73 കോടി രൂപയും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കണക്കിൻ പ്രകാരമുള്ള നഷ്ടം 2746.73 കോടി രൂപയുമാണ്. |
| (ബി) കഴിഞ്ഞ വർഷത്തെ നഷ്ടം എത്രയാണ് ; | (ബി) 2012-13 വർഷത്തെ ബോർഡിൻെറ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരമുള്ള നഷ്ടം 3998.48 കോടി രൂപയാണ്. |
| (സി) ഈ സാമ്പത്തിക വർഷം വൈദ്യുതി ഇറക്കുമതിക്ക് വന്ന ചെലവ് എത്ര ; | (സി) 2013-14 സാമ്പത്തിക വർഷം നവംബർ മാസം വരെ വൈദ്യുതി വാങ്ങിയ വകയിൽ താത്ക്കാലിക കണക്ക് പ്രകാരം 3071.27 കോടി രൂപ ചെലവു വന്നിട്ടുണ്ട്. |
| (ഡി) ഈ വർഷം ജലവൈദ്യുതി വിറ്റ വകയിലുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) ജലവൈദ്യുതി വിറ്റവകയിൽ ലഭിച്ച വരുമാനത്തിൻെറ വേർതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ജലസ്രോതസ്സുകളോടൊപ്പം മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ആഭ്യന്തര ഉത്പാദനവും പുറമേ നിന്നു വാങ്ങുന്നതും കേന്ദ്ര പൂളിൽ നിന്നു ലഭിക്കുന്നതുമായ വൈദ്യുതി കെ. എസ്. ഇ. ബി യുടെ വൈദ്യുത പൂളിലേയ്ക്ക് എത്തുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഒക്ടോബർ മാസത്തിൽ, കേരളത്തിനു പുറത്ത് വൈദ്യുതി വിറ്റ ഇനത്തിൽ 74.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**